പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ :33

28.5.2019 ൽ
മറുപടിക്ക്

## കെ.എ.എസ് നിയമന സംവരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എ. അഹമ്മദ് കബീർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്കുള്ള (കെ.എ.എസ്) നിയമനത്തിൽ എല്ലാ സ്കീമുകളിലും സംവരണം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ പ്രസ്തുത തീരുമാനത്തിന് ആധാരമായ മന്ത്രിസഭാ യോഗത്തിന്റെ കുറിപ്പിന്റെയും തീരുമാനത്തിന്റെയും പകർപ്പ് ലഭ്യമാക്കാമോ; | ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) പ്രസ്തുത തീരുമാനത്തിന്റെ വെളിച്ചത്തിൽ കെ.എ.എസ് -ന്റെ റൂളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചോ; വിശദമാക്കാമോ? | സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ മൂന്ന് സ്കീമുകളിലും സംവരണം ഏർപ്പെടുത്തുന്നതിന്റെ വിശേഷാൽ ചട്ടങ്ങളിലെ ഭേദഗതി പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ

2931

അനുബന്ധം

2931-**O.A**

(05.03.2019)

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിയമന രീതി പ്രകാരം മൂന്ന് സ്ട്രീമുകളുണ്ട്. ഇതിൽ ഒരു സ്ട്രീമിൽ മാത്രമാണ് സംവരണം ബാധകമാക്കിയിട്ടുള്ളത്. മറ്റ് രണ്ട് വിഭാഗങ്ങളും ജീവനക്കാരിൽനിന്നുള്ള തസ്തികമാറ്റ നിയമനമായതിനാൽ, സംവരണം ബാധകമാക്കേണ്ടതില്ലെന്ന് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചിരുന്നു.

പല ജനപ്രതിനിധികളും സംഘടനകളും വ്യക്തികളും മറ്റ് രണ്ട് വിഭാഗത്തിൽക്കൂടി സംവരണം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നു. പട്ടികജാതി-പട്ടികവർഗ കമ്മീഷനും ഇത്തരത്തിലൊരു ശിപാർശ സർക്കാരിന് നൽകുകയുണ്ടായി.

ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രണ്ട് വിഭാഗങ്ങളിൽ കൂടി സംവരണം ഏർപ്പെടുത്താനുള്ള സാധ്യത പരിശോധിച്ച് നിയമോപദേശം നൽകാൻ അഡ്വക്കേറ്റ് ജനറലിനോട് നിർദ്ദേശിച്ചിരുന്നു. അഡ്വക്കേറ്റ് ജനറൽ ഇക്കാര്യത്തിൽ 30.01.2019-ന് സർക്കാരിന് നിയമോപദേശം നൽകി. നിലവിൽ കെ.എ.എസിന്റെ വിശേഷാൽ ചട്ടങ്ങളിൽ ചില ഭേദഗതി

നടപടികൾ പി.എസ്.സിയുടെ അനുമതിയോടെ പുറപ്പെടുവിക്കാനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

ചട്ടം 12 (a) ൽ സ്ട്രീം II-ൽ 'By Transfer Recruitment' എന്നതിനു പകരം 'By Direct Recruitment from Members of Service under the State Government holding a post below the first Gazetted Post'' എന്നും സ്ട്രീം III-ൽ "By Transfer Appointment'' എന്നതിനു പകരം "By Direct Recruitment from the members of Service under the State Government hold first Gazetted Post and above" എന്നും വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തി കെ.എ.എസിന്റെ മൂന്ന് സ്ട്രീമുകളിലും സംവരണം നടപ്പാക്കാമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

നിലവിൽ കെ.എ.എസിന്റെ വിശേഷാൽ ചട്ടങ്ങളിൽ ചില ഭേദഗതി നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇതോടൊപ്പം, അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശമനുസരിച്ച് കെ. എ.എസിന്റെ വിശേഷാൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കാമോ?

* * *

12

06 MAR 2019
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഒ.എസ്) വകുപ്പ്
Personnel and Administrative Reforms (OS) Dept.
Govt. Secretariat, Thiruvananthapuram

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-03-2019

ഇനം നം: 2931
O.A.

വിഷയം : ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിന്റെ വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.